3211
14/2/20

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - മലപ്പുറം ജില്ല — കവളപ്പാറ ഉരുൾപ്പൊട്ടലിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരുടെ പുനരധിവാസം - ശ്രീ. എം.എ.യൂസഫലി സ്പോൺസർ ചെയ്ത വീടുകൾ നിർമ്മിക്കുന്നതിന് വാസയോഗ്യമായ ഭൂമി വാങ്ങുന്നതിലേയ്ക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു .

## റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്

സ.ഉ. (സാധാ) നം. 616/2020 /റവ. തിരുവനന്തപുരം, തീയതി, 13.02.2020

പരാമർശം:- 05.02.2020 തീയതിയിലെ സ.ഉ. (സാധാ) നം. 149/2020/ഡിഎംഡി

## ഉത്തരവ്

2019 ലെ പ്രളയത്തെ തുടർന്ന് ഉണ്ടായ ഉരുൾപ്പൊട്ടലിൽ ഭൂമിയും വീടും നഷ്ടപ്പെട്ട 33 പേർക്ക് വീട് വച്ച് നൽകാമെന്ന് പ്രമുഖ വ്യവസായി ശ്രീ. എം.എ.യൂസഫലി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ വാസയോഗ്യമായ ഭൂമി വാങ്ങുന്നതിലേയ്ക്കായി 33 പേർക്ക് 6 ലക്ഷം രൂപ വീതം ആകെ 1.98 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ജില്ലാ കളക്ടറുടെ പേരിൽ അലോട്ട്മെന്റ് നൽകി പരാമർശം പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

2. കവളപ്പാറ ഉരുൾപ്പൊട്ടലിൽ ഭൂമിയും വീടും നഷ്ടപ്പെട്ട 33 പേരുടെ പുനരധിവാസത്തിന് വാസയോഗ്യമായ ഭൂമി വാങ്ങുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 1.98 കോടി രൂപ (ഒരു കോടി തൊണ്ണൂറ്റി എട്ട് ലക്ഷം രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. വിതരണത്തിനാവശ്യമായിവരുന്ന **1.98 കോടി രൂപ (ഒരു കോടി തൊണ്ണൂറ്റി എട്ട് ലക്ഷം രൂപ മാത്രം)** *"2075-00-800-40 Contribution to Chief Minister's Distress Relief Fund (NP)"* എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T. P. 80 അക്കൗണ്ടിൽ നിന്നും ബന്ധപ്പെട്ട മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഗീത.എൽ**

**സ്പെഷ്യൽ സെക്രട്ടറി**

കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
ജില്ലാ കളക്ടർ, മലപ്പുറം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, ഒബ്സർവേറ്ററി ഹിൽസ്
വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്

ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.